| | | |
|---|---|---|
| 2012 | - | 455 |
| 2013 | - | 637 |
| 2014 | - | 709 |

(ബി) സംസ്ഥാനത്ത് ലൈംഗിക പീഡനത്തിനും പലവിധ ചൂഷണങ്ങൾക്കും ഇരയാകുന്ന പെൺകുട്ടികൾക്ക് സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും ഇത്തരത്തിലുള്ള ചൂഷണങ്ങൾ തടയുന്നതിനും വേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതിന് ഉദ്ദേശിച്ച് കൊണ്ട് സാമൂഹ്യനീതി വകുപ്പ് നിർഭയ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ പീഡനത്തിനിരയാകുന്നവരുടെ സംരക്ഷണവും പുനരധിവാസവും ഉദ്ദേശിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ കുട്ടികൾ, മാതാപിതാക്കൾ തുടങ്ങിയവർക്ക് ഇത്തരം ചൂഷണങ്ങൾ തിരിച്ചറിയുന്നതിനും തടയുന്നതിനും ആവശ്യമായ അറിവ് നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിയമിതരായ സ്കൂൾ കൗൺസിലർമാർക്കും ജനപ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ തുടങ്ങി സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നവർക്കും ഇത് സംബന്ധിച്ച പ്രാഥമിക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. നിർഭയ പദ്ധതിയുടെ തുടർ നടപടികളുടെ ഭാഗമായി ജനപ്രതിനിധികൾക്കും പോലീസ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വിദഗ്ദ്ധർ തുടങ്ങി സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്തി പ്രത്യേക ബോധവത്ക്കരണ വർക്ക്ഷോപ്പും ട്രെയിനിംഗും നടത്തുന്നതിന് കിലയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) ബാധകമല്ല.

**മിഷൻ 676 - സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

268 (1693) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷക്കായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

## ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഭിന്നശേഷിയുള്ളവർ ഉൾപ്പെടെയുള്ളവർക്ക് സമ്പൂർണ്ണ സുരക്ഷക്കായി 3 പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നിർഭയ പദ്ധതി
2. ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിടനിർമ്മാണം.
3. സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും.
4. സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും.
5. അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി പദ്ധതികൾ ആരംഭിക്കും.
6. ഹീമോഫീലിയ രോഗികൾക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ.
7. കേൾവി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും.
8. വൃക്ക/കരൾമാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ.
9. ആശ്വാസകിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-Core banking മുഖേനയും നൽകും.



LIBRARY ARCHIVES Kerala Legislative Assembly

10 നിഷിനെ National University for disabilities and rehabilitation ആയി ഉയർത്തും.

11. Gender Awareness programme-ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും

12. എറണാകുളത്ത് ഷീ- ടാക്സി സംവിധാനം ഏർപ്പെടുത്തും.

13. തിരുവനന്തപുരത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് ഫോർ വീൽസ് ഓൺ വുമൺ (ഷീ ഷോപ്പ്) നടപ്പിലാക്കും.

(സി&ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് രൂപരേഖ തയ്യാറാക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുകയും സബ്ജക്ട് എക്സ്പെർട്ടുകളുടെ മീറ്റിംഗ് വിളിച്ച് ചേർക്കുകയും ചെയ്യുകയുണ്ടായി. പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| (1) | (2) | (3) |
| 1 | നിർഭയ പദ്ധതി | പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 9 ജില്ലകളിലായി 10 നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുകയും 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും one stop crisis cell പ്രവർത്തന മാരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| 2 | ശാരീരിക വൈകല്യമുള്ള വനിതകൾക്കായി തിരുവനന്തപുരത്ത് പുതിയ കെട്ടിട നിർമ്മാണം. | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും 7-8-2014-ന് കെട്ടിടത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. |
| 3 | സാമൂഹ്യപുനരധിവാസ കേന്ദ്രങ്ങൾക്കായി 500 സന്നദ്ധ സേവകരെ നിയമിക്കും. | പദ്ധതി നടത്തിപ്പിനുള്ള ഭരണാനുമതി നൽകിയതു പ്രകാരം വകുപ്പിന്റെ കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളിലും, കെയർ പ്രൊവൈഡർമാരെയും സ്കിൽസ് സ്റ്റാഫിനേയും നിശ്ചിത കാലയളവിൽ അനുവദിച്ചിട്ടുണ്ട്. |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 4 | 4 സർക്കാർ സാമൂഹ്യ സംഘടന കൂട്ടായ്മയിൽ ക്ഷേമ പദ്ധതികൾ ആരംഭിക്കും | 14 സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ 14 വൃദ്ധ സദനങ്ങൾ ആരംഭിക്കുന്നതിന് 3.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വൃദ്ധസദനങ്ങൾ ആരംഭി ക്കുന്നതിനായി സന്നദ്ധ സംഘടനകൾ സമർപ്പിച്ച അപേക്ഷകളിൽ നിന്നും വൃദ്ധസദനം നടത്തുന്നതിന് credible NGO's-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| 5 | അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമന ത്തിനായി പദ്ധതികൾ ആരംഭിക്കും. | അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ടിലെ അംഗനവാടികളിൽ പ്രീ-സ്കൂൾ സാധനങ്ങൾ വാങ്ങുന്നതിനും, അട്ടപ്പാടിയിലെ Tribal girls club-ലേക്ക് sports kit വാങ്ങുന്നതിനും ഉദ്ദേശിച്ച് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |
| 6 | ഹീമോഫിലിയ രോഗികൾക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ | പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. |
| 7 | കേൾവി സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി 40 ആശുപത്രികളിൽ Oto Acoustic Emission (OAE) സ്ഥാപിക്കും. | Oto Acoustic Emission (OAE) ഉപകരണം വാങ്ങി 40 സർക്കാർ ആശുപത്രികളിൽ നൽകി കഴിഞ്ഞു. |
| 8 | വൃക്ക/കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് വിധേയരായവർക്ക് മാസത്തിൽ 1000 രൂപ വീതം പെൻഷൻ | പദ്ധതി നടപ്പാക്കിക്കഴിഞ്ഞു. |

| (1) | (2) | (3) |
|---|---|---|
| 9 | ആശ്വാസ കിരണം സഹായം പോസ്റ്റൽ സേവിംഗ്സ് ബാങ്ക് മുഖേനയും മറ്റ് എല്ലാവിധ ധനസഹായങ്ങളും RTGS-Core banking മുഖേനയും നൽകും | പോസ്റ്റൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന ധനസഹായം വിതരണം നടത്തുന്നതിന് ഗുണ ഭോക്താക്കളിൽ നിന്നും അക്കൗണ്ട് സംബന്ധിച്ച വിശദാംശം ശേഖരിക്കുകയും ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഐ.കെ.എം.-ന് ചുമതല നൽകുകയും ചെയ്തു. മറ്റ് സാമ്പത്തിക ഇടപാടുകൾ RTGS Transfer ആയി നൽകുന്നതിനുള്ള നടപടി നിശ്ചിത കാലയളവിനുള്ളിൽ തന്നെ സ്വീകരിച്ചിട്ടുണ്ട്. |
| 10 | നിഷിനെ National University for disabilities and rehabilitation-ആയി ഉയർത്തും | കരട് ബിൽ നിയമ വകുപ്പിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 11 | Gender Awareness Programmme-ന് കീഴിലുള്ള സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തും. | 6-5-2014-ലെ സ.ഉ (സാധാ) നമ്പർ 295/15/സാനീവ പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് ഫണ്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| 12 | എറണാകുളത്ത് ഷീ-ടാക്സി സംവിധാനം ഏർപ്പെടുത്തും | തിരുവനന്തപുരത്തും എറണാകുളത്തും ഷീ-ടാക്സി സംവിധാനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ് |
| 13 | തിരുവനന്തപുരത്ത് പരീക്ഷണാ ടിസ്ഥാനത്തിലെ ഫുഡ് ഓൺ വീൽസ് ഫോർ വുമൺ ഷീ ഷോപ്പ് നടപ്പിലാക്കും. | ജെൻഡർ പാർക്കിൽ നിന്ന് ലഭ്യമാക്കിയ പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

LIBRARY ARCHIVES Kerala Legislative Assembly